**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - കണ്ണൂർ നഗരസഭ - ടൗൺ പ്ലാനർ (വിജിലൻസ്) പരിശോധന - നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.പി.രാധാകൃഷ്ണനെതിരെ സ്വീകരിച്ചു വരുന്ന നടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്

സ.ഉ. (സാധാ) നം. 1828/2019/തസ്വഭവ        തിരുവനന്തപുരം, തീയതി: 24.08.2019

പരാമർശം :- 1. ടൗൺ പ്ലാനർ വിജിലൻസിന്റെ 02.02.2015 തീയതിയിലെ 11146/ആർ.ബി.2/14/ത.സ്വ.ഭ.വ നമ്പർ റിപ്പോർട്ട്.

2. കണ്ണൂർ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. പി. രാധാകൃഷ്ണന് നൽകിയ 28.07.2017 തീയതിയിലെ ത.സ്വ.ഭ.വ/ഇ.യു.1/68/2017/ത.സ്വ.ഭ.വ നമ്പർ നോട്ടീസ്.

3. നോട്ടീസിന് ശ്രീ. പി. രാധാകൃഷ്ണൻ സമർപ്പിച്ച തീയതി രേഖപ്പെടുത്താത്ത മറുപടി.

4. നഗരകാര്യ ഡയറക്ടറുടെ 14.09.2018 തീയതിയിലെ വി2-19659/17 നമ്പർ കത്ത്.

## ഉത്തരവ്

കണ്ണൂർ നഗരസഭയിൽ അഴിമതി ആരോപണം ഉന്നയിച്ച് പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 16 ഫയലുകൾ പരിശോധിച്ചതിൽ ഇ 4/ബി.എ/62/10 ഫയലിൽ സർവ്വെ സ്കെച്ചും, സൈറ്റ് പ്ലാനും തമ്മിൽ വ്യത്യാസമുണ്ടെന്നും ഡോക്യുമെന്റിലും സർവ്വേ സ്കെച്ചിലും സമർപ്പിച്ചിട്ടുള്ള പ്ലാനുകളിലും പ്ലോട്ടിന്റെ വിസ്തൃതി വ്യത്യാസമുള്ളതിനാൽ ടി കൊമേഴ്സ്യൽ നിർമ്മാണത്തിന് നൽകിയിട്ടുള്ള പെർമിറ്റ് റിവോക്ക് ചെയ്യുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) പരാമർശം ഒന്ന് പ്രകാരം ശുപാർശ ചെയ്തിരുന്നു. അപേക്ഷകന്റെ പേരിൽ 28.5 സെന്റിൽ കൂടുതൽ സ്ഥലം ഉണ്ടെന്നും പ്ലോട്ടിന്റെ വിസ്തീർണ്ണം പരിശോധിക്കാതെയാണ് പെർമിറ്റ് നൽകിയിട്ടുള്ളതെന്നും ഒരേ ഉടമസ്ഥതയിലുള്ള എല്ലാ ഭൂമിയും രേഖപ്പെടുത്താതെയാണ് പ്ലാൻ അംഗീകാരം നൽകിയിട്ടുള്ളതെന്നും വ്യക്തമാകുന്നതായും പി. ഡബ്ല്യൂ ഓ സ്ഥലം പരിശോധിച്ചെങ്കിലും പ്ലോട്ടിൽ നിലവിലുള്ള കെട്ടിടങ്ങളുടെ വിവരങ്ങളോ, പ്ലോട്ടിന്റെ വിസ്തൃതിയിൽ വ്യത്യാസമുള്ളത് സംബന്ധിച്ച വിവരങ്ങളോ നഗരസഭാ ഫയലിൽ രേഖപ്പെടുത്തിയതായി കാണുന്നില്ലായെന്നും ചീഫ് ടൗൺ പ്ലാനർ വിജിലൻസ് റിപ്പോർട്ട് ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ

അപേക്ഷ സംബന്ധിച്ച് തെറ്റായ വിവരങ്ങൾ സർക്കാരിലേയ്ക്ക് സമർപ്പിച്ച കണ്ണൂർ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.പി.രാധാകൃഷ്ണന്റെ പേരിൽ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ടിയാന് പരാമർശം രണ്ട് പ്രകാരം നോട്ടീസ് നൽകിയിരുന്നു.

2. മേൽ വിഷയത്തിൽ കെട്ടിട നിർമ്മാണാനുമതി മുനിസിപ്പൽ എഞ്ചിനീയറാണ് നൽകിയിട്ടുള്ളതെന്നും കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട ഏത് കേസിലും സ്ഥല പരിശോധന നടത്തുന്ന ഉദ്യോഗസ്ഥർക്കാണ് അവർ നൽകുന്ന റിപ്പോർട്ടിന്റെ പരിപൂർണ്ണ ബാദ്ധ്യത എന്നും മുനിസിപ്പൽ എഞ്ചിനീയർ തന്നെയാണ് സ്ഥലം സന്ദർശിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത് എന്നും ആയത് സർക്കാരിലേയ്ക്ക് അയക്കുകയാണ് സെക്രട്ടറി എന്ന നിലയിൽ താൻ ചെയ്തിട്ടുള്ളതെന്നും ശ്രീ.പി.രാധാകൃഷ്ണൻ പരാമർശം മൂന്ന് പ്രകാരം സമർപ്പിച്ച മറുപടിയിൽ ബോധിപ്പിച്ചിരുന്നു.

3. പെർമിറ്റ് നൽകിയ മുനിസിപ്പൽ എഞ്ചിനീയർ തന്നെയാണ് സ്ഥല പരിശോധന നടത്തി സർക്കാരിലേയ്ക്ക് അയയ്ക്കേണ്ട റിപ്പോർട്ട് തയ്യാറാക്കിയതെന്നും ആയത് സർക്കാരിലേയ്ക്ക് അയക്കുക മാത്രമാണ് സെക്രട്ടറിയെന്ന നിലയ്ക്ക് ചെയ്തിട്ടുള്ളതെന്നും പ്രസ്തുത സമയത്താണ് ടിയാൻ ഫയൽ ആദ്യമായി കാണുന്നതെന്നും അപേക്ഷയോടൊപ്പം സമർപ്പിച്ച ആധാരത്തിന്റെ കൂടെയുള്ളതും ആധാരത്തിൽ 7-ാം പേജിൽ എടുത്ത് പറഞ്ഞിട്ടുള്ളതുമായ ആധികാരികമായി വിറ്റയാൾ ഒപ്പ് വച്ച സ്കെച്ചും ആരും ഒപ്പിടാത്ത മറ്റൊരു സ്കെച്ചുമാണ് ഉണ്ടായിരുന്നതെന്നും, ആരും ഒപ്പിടാത്ത സ്കെച്ച് ആധികാരിക രേഖയായി പരിഗണിക്കാൻ കഴിയുകയില്ലയെന്നതിനാൽ പെർമിറ്റ് നൽകുന്ന അവസരത്തിൽ കണക്കിലെടുത്തിരുന്നില്ലെന്നും ആധാരത്തിൽ അപേക്ഷകയ്ക്ക് 28.5 സെന്റ് സ്ഥലം ഉണ്ടെന്നതിനാൽ ആധാര പ്രകാരം വിറ്റയാൾ ഒപ്പ് വച്ച ആധികാരിക രേഖയായ സ്കെച്ച് പ്രകാരമാണ് പെർമിറ്റ് നൽകിയതെന്നതിന്റെ അടിസ്ഥാനത്തിലാണ് സർക്കാരിലേയ്ക്ക് റിപ്പോർട്ട് നൽകിയതെന്നുമുള്ള ശ്രീ. പി. രാധാകൃഷ്ണന്റെ വിശദീകരണം വസ്തുതാപരമാണെന്ന് നഗരകാര്യ ഡയറക്ടർ പരാമർശം നാല് പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. കൂടാതെ മുനിസിപ്പൽ എഞ്ചിനീയറുടെ വിശദമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള മറുപടി കത്ത് നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. പി. രാധാകൃഷ്ണൻ സർക്കാരിലേക്ക് ഒപ്പ് വച്ച് അയക്കുകയാണുണ്ടായിട്ടുള്ളതെന്നും സർക്കാരിൽ നിന്നും ആവശ്യപ്പെട്ട റിപ്പോർട്ട് കീഴുദ്യോഗസ്ഥൻ തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിക്കുന്ന വേളയിൽ പ്രാഥമിക പരിശോധന പോലും നടത്താതെ ഒപ്പിട്ട് നൽകിയത് ന്യായീകരിക്കാവുന്നതല്ലെന്നും, കത്തുകളും റിപ്പോർട്ടുകളും ഒപ്പ് വയ്ക്കുന്ന ഉദ്യോഗസ്ഥനും ആയതിലെ ഉള്ളടക്കത്തെ സംബന്ധിച്ചുള്ള പോരായ്മകൾക്കും തെറ്റുകൾക്കും വ്യക്തിപരമായി ബാദ്ധ്യതയുള്ളതായിരിക്കുമെന്നും മേലിൽ ഉന്നതാധികാരസ്ഥാനങ്ങളിലേയ്ക്ക് റിപ്പോർട്ട് നൽകുമ്പോൾ ആയതിന്റെ കൃത്യത ഉറപ്പ് വരുത്തേണ്ടതാണെന്ന് ശ്രീ.പി.രാധാകൃഷ്ണന് കർശന നിർദേശം നൽകികൊണ്ട് ടിയാനെതിരെയുള്ള നടപടി അവസാനിപ്പിക്കണമെന്ന് നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

4. സർക്കാരിലേക്കുള്ള കത്തുകളും റിപ്പോർട്ടുകളും ഒപ്പ് വയ്ക്കുന്ന ഉദ്യോഗസ്ഥന് ആയതിലെ ഉള്ളടക്കത്തെ സംബന്ധിച്ചുള്ള പോരായ്മകൾക്കും തെറ്റുകൾക്കും വ്യക്തിപരമായി ബാദ്ധ്യതയുള്ളതായിരിക്കുമെന്നും മേലിൽ

ഉന്നതാധികാരസ്ഥാനങ്ങളിലേയ്ക്ക് റിപ്പോർട്ട് നൽകുമ്പോൾ ആയതിന്റെ കൃത്യത ഉറപ്പ് വരുത്തേണ്ടതാണെന്നും കർശന നിർദേശം നൽകി ശ്രീ.പി.രാധാകൃഷ്ണനെതിരെയുള്ള നടപടി അവസാനിപ്പിക്കാവുന്നതാണെന്ന് ചീഫ് ടൗൺ പ്ലാനർ വിജിലൻസ് റിപ്പോർട്ട് ചെയ്തു.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇപ്പോൾ കണ്ണൂർ കോർപ്പറേഷൻ സെക്രട്ടറിയായിരിക്കുന്ന ശ്രീ പി. രാധാകൃഷ്ണൻ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-I ആയി കണ്ണൂർ നഗരസഭയിൽ സേവനം അനുഷ്ഠിച്ചിരുന്ന കാലത്താണ് സർക്കാരിലേയ്ക്ക് അയയ്ക്കുന്ന റിപ്പോർട്ട്, ഫയൽ പരിശോധിക്കുകയോ പഠിക്കുകയോ ചെയ്യാതെ കേവലം അലക്ഷ്യമായി ഒപ്പിട്ട് ഫോർവേഡ് ചെയ്യുക മാത്രമാണ് ചെയ്തതെന്ന് അറിയിച്ചിരിക്കുന്നത്. മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്- I എന്നത് മൂന്നാമത്തെ ഗസറ്റഡ് പോസ്റ്റാണ്. അത്രയും അനുഭവപരിചയമുള്ള ഒരു ഉദ്യോഗസ്ഥൻ ഇത്ര അലക്ഷ്യമായും, അശ്രദ്ധയോടെയും യാതൊരു താൽപ്പര്യവും സ്വന്തം ജോലിയിലും ഉത്തരവാദിത്വത്തിലും കാണിക്കാതെയും ഗവൺമെന്റിലേക്ക് റിപ്പോർട്ട് നൽകിയത് തെറ്റ് തന്നെയാണ്. ഭാവിയിൽ അദ്ദേഹം കൂടുതൽ ഉത്തരവാദിത്വത്തോടെയും ശ്രദ്ധയോടെയും കൃത്യനിഷ്ഠയോടെയും ജോലി ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. ആയതിനാൽ കണ്ണൂർ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. പി.രാധാകൃഷ്ണനെതിരായ നടപടി സ്വന്തം ജോലിയിലും കർത്തവ്യങ്ങളിലും കൂടുതൽ ഉത്തരവാദിത്വവും ശ്രദ്ധയും പുലർത്തണമെന്നും ഉന്നതാധികാരസ്ഥാനങ്ങളിലേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കുമ്പോൾ ആയതിന്റെ കൃത്യത ഉറപ്പു വരുത്തി, ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ടായിരിക്കണം ചെയ്യേണ്ടതെന്നും കർശന താക്കീത് നൽകി തീർപ്പാക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ജെയ്സി പോൾ**
**അണ്ടർ സെക്രട്ടറി**

മേയർ, കണ്ണൂർ നഗരസഭ.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ.
ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്), തിരുവനന്തപുരം.
ശ്രീ. പി. രാധാകൃഷ്ണൻ, സെക്രട്ടറി, കണ്ണൂർ നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (ഈ ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.